പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1245 — 03.12.2018-ൽ മറുപടിക്ക്

## തൃപ്പൂണിത്തുറ ബൈപ്പാസ് റോഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി - മധുര ദേശീയപാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിനുവേണ്ടി മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് 6.02.2004-ൽ 657 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ള പദ്ധതി പ്രകാരം ഭൂവുടമകൾക്ക് 604 ലക്ഷം രൂപ വിതരണം ചെയ്തിട്ടും സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ കേന്ദ്രാനുമതി ലഭ്യമാക്കി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) (ബി) & (സി) കൊച്ചി - മധുര ദേശീയപാതയിൽ തൃപ്പൂണിത്തുറ ബൈപ്പാസ് റോഡിന്റെ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള സ്ഥലമേറ്റെടുപ്പിനായി 06/02/2004-ൽ 657 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിരുന്നു. തൃപ്പൂണിത്തുറ ബൈപ്പാസിന്റെ ഒന്നാം ഘട്ടമായ മറ്റക്കുഴി മുതൽ തിരുവാങ്കുളം വരെയുള്ള 3.75 കി.മീ-ന് വേണ്ടി 16.172 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. അതിൽ 4.4312 ഹെക്ടർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. ഈ ഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 558.82 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 26/04/2017-ൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് അനുമതിക്കായി സമർപ്പിച്ചിരുന്നു. മന്ത്രാലയത്തിന്റെ 12/12/2017-ലെ കത്തിൻ പ്രകാരം സ്ഥലം ഏറ്റെടുപ്പിനാവശ്യമായ തുക പ്രഥമ ഭരണാനുമതിയെക്കാൾ വളരെ കൂടുതലായതിനാൽ ഈ തുക സംസ്ഥാന സർക്കാർ വഹിച്ചാൽ ബൈപ്പാസ് നിർമ്മാണ പ്രവൃത്തി കേന്ദ്രം നിർവ്വഹിച്ച് കൊള്ളാം എന്ന് അറിയിച്ചിരുന്നു. ആയതിൻ പ്രകാരം ഒന്നാം ഘട്ടത്തിലെ ബാക്കി സ്ഥലം ഏറ്റെടുപ്പിനായി 214.2 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചത് ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുക അടുത്ത രണ്ട് സാമ്പത്തിക വർഷങ്ങളിലായി അനുവദിക്കണമെന്ന് പ്ലാനിംഗ് ബോർഡിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട് |

P. Bindu

സെക്ഷൻ ഓഫീസർ